ടി റിപ്പോർട്ട് കിട്ടിയാൽ ആയത് പരിശോധിച്ചതിനുശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) എ. എം. വി. ഐ. തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനത്തിനായി പി. എസ്. സി. യെ അറിയിച്ചിട്ടുണ്ട്.

(ഇ) 350.73 കോടി രൂപ ഫെബ്രുവരി 2000 വരെ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ സി. എ. ജി. റിപ്പോർട്ടിൽ ഫീൽഡ് ചെക്കിംഗിന്റെ അപര്യാപ്തതയെക്കുറിച്ചും പരാമർശമുണ്ട്..

(ജി) 1998-ലെ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ വാഹന നികുതി പിരിവിനെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ റിവ്യൂ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ വാഹന നികുതി പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ കൃത്യമായി നടക്കുന്നില്ലെന്ന് പരാമർശിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് ആശ്രിത നിയമനം**

**75 (3607)** ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനവകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് മറ്റ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തവെ മരിച്ചു പോയവരുടെ ആശ്രിതർക്ക് ഇപ്പോൾ നിയമനം നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവസാനം ഇത്തരത്തിൽ നിയമനം നൽകിയത് ഏതു വർഷമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഡൈ-ഇൻ-ഹാർനസ്സ് വഴി ഈ വകുപ്പിൽ ഇതുവരെ എത്രപേരെ പ്രസ്തുത തസ്തികകളിൽ നിയമിച്ചിട്ടുണ്ട് ;

(ഡി) മോട്ടോർ വാഹന വകുപ്പിലേയ്ക്ക് ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നൽകാറുണ്ടോ ;

(ഇ) മോട്ടോർ വാഹനവകുപ്പിൽ 1975 നുശേഷം പി. എസ്. സി മുഖേന എത്ര എ. എം. വി. ഐ. മാരെ നിയമിച്ചിട്ടുണ്ട് ;

(എഫ്) മോട്ടോർ വാഹനവകുപ്പിൽ 1975 നുശേഷം സാങ്കേതിക വൈദഗ്ധ്യം നേടിയ എത്ര ക്ലാർക്കുമാർക്ക് എ. എം. വി. ഐ. ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 1998-ൽ ആണ് അവസാനമായി മറ്റ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യവെ മരിച്ചു പോയവരുടെ ആശ്രിതർക്ക് എ. എം. വി. ഐ. തസ്തികയിൽ ജോലി നൽകിയത്.

(സി) 1-1-1990-ന് ശേഷം 10 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നൽകാറില്ല.

(ഇ) 1-1-1990-ന് ശേഷം 138 പേരെ നിയമിച്ചിട്ടുണ്ട്. (1975 മുതൽ 31-12-1989 വരെയുള്ള കാലഘട്ടത്തിലെ വിവരം പിന്നീട് അറിയിക്കുന്നതാണ്.)

(എഫ്) 1-1-1990-ന് ശേഷം 20 പേർക്ക് എ. എം. വി. ഐ. ആയി തസ്തിക മാറ്റം നടത്തിയിട്ടുണ്ട്. (1975 മുതൽ 1999 വരെയുള്ള കാലഘട്ടത്തിലെ നിയമനങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

**മോട്ടോർവാഹനവകുപ്പിലെ സർവ്വീസ് മെച്ചപ്പെടുത്താൻ നടപടി**

**76 (3608)** ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ആവശ്യങ്ങൾക്കുവേണ്ടി മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ എത്തുന്നവർ നേരിടുന്ന പ്രയാസം ലഘൂകരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിൽ വിവിധതരം സർവ്വീസുകൾക്കുള്ള ഫീസ് പുതുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) മുൻനിരക്കുമായി താരതമ്യം ചെയ്താൽ എത്രശതമാനം വർദ്ധനവാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം ടാക്സും ഫീസും സ്വീകരിക്കുന്ന ഗുമസ്തനു തന്നെ ഇവ ഒപ്പിട്ടു നൽകുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ഈ നടപടി കൊണ്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾക്ക് രസീത് നൽകാൻ തീരുമാനിച്ചതുകാരണം പൊതുജനങ്ങൾക്ക് വീണ്ടും ഓഫീസുമായി ബന്ധപ്പെടാൻ കൂടുതൽ സൗകര്യം ലഭിച്ചു. ഇതിനുപരിയായി ഓഫീസുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly